(സി) പ്ലസ് 2 കോഴ്സിന് ചേരുന്ന കുട്ടികൾക്കെല്ലാം ഈ സൗജന്യം നൽകാനാണുദ്ദേശിക്കുന്നത്.

(ഡി) അധികച്ചെലവ് എത്രയെന്നു കണക്കാക്കിയിട്ടില്ല. 1986–87 ബഡ്ജറ്റിൽ ഇതിലേക്ക് തുക വക കൊള്ളിച്ചിട്ടില്ല.

(ഇ) പന്ത്രണ്ടാം ക്ലാസ്സുവരെ, പെൺകുട്ടികളുടെ വിദ്യാഭ്യാസം സൗജന്യമാക്കുന്നതിനുള്ള അധികച്ചെലവ് കേന്ദ്രസഹായമായി കിട്ടും.

(എഫ്) എല്ലാ സംസ്ഥാനങ്ങളിലും സൗജന്യമല്ല. എന്നാൽ ചില സംസ്ഥാനങ്ങളിൽ ഈ ആനുകൂല്യമുണ്ട്. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ വിവേചനമൊന്നുമില്ലാത്തതുകൊണ്ട് ഒരു വിഭാഗത്തിന് മാത്രമായി ആനുകൂല്യങ്ങൾ കൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

സംസ്ഥാനത്തെ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ

* 155 [158] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആകെ എത്ര വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിനുവേണ്ടി സർക്കാർ 1985–86–ൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(സി) കേന്ദ്ര ഗവൺമെന്റിൽനിന്നും വല്ല സാമ്പത്തിക സഹായവും കിട്ടിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിപ്രകാരം കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരുത്താൻ കഴിയുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 1225 വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 1985–86 വർഷത്തിൽ പ്ലാൻ ഇനത്തിൽ ഇതിനു വേണ്ടി 40 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ടായിരുന്നു.

(സി) ഇതു നൂറുശതമാനം കേന്ദ്രസഹായമുള്ള ഒരു പദ്ധതിയാണ്.

(ഡി) സംസ്ഥാന വയോജന വിദ്യാഭ്യാസ വിഭാഗം സാമൂഹ്യ വികസന വകുപ്പിന്റെ കീഴിലുള്ള ആർ.എഫ്.എൽ. പ്രോഗ്രാം യൂണിവേഴ്സിറ്റികൾ, നെഹ്റു യുവക് കേന്ദ്രങ്ങൾ, കൻഫെഡ് മുതലായ സന്നദ്ധ സംഘടനകൾ എന്നിവ നടത്തുന്ന പ്രവർത്തനങ്ങൾ വഴി 1990 ആവുമ്പോഴേക്കും സംസ്ഥാനത്തു സമ്പൂർണ്ണ സാക്ഷരത കൈവരുത്തുവാൻ കഴിയുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

കെയർ സംഘടനയുടെ കേരളത്തിലെ പ്രവർത്തനങ്ങൾ

* 156 [159] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ഡിസംബർ അവസാനത്തോടുകൂടി കെയർ സംഘടനയുടെ കേരളത്തിലെ പ്രവർത്തനങ്ങൾ നിർത്തലാക്കുന്നു എന്നറിയുന്നത് ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly